**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 35** **08-06-2021 - ൽ മറുപടിയ്ക്ക്**

**ബാങ്കിംഗ് നിയന്ത്രണ ഭേദഗതി നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ** | | **Shri. V. N. Vasavan<br>(സഹകരണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ ബാങ്കുകൾക്കുള്ള ബാങ്കിംഗ് നിയന്ത്രണ ഭേദഗതി നിയമം അടുത്ത സാമ്പത്തിക വർഷം മുതൽ നടപ്പാക്കണമെന്ന് കേന്ദ്രത്തിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | പ്രസ്തുത നിയമം നടപ്പാക്കുന്നത് സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ടി ഭേദഗതി നിയമ പ്രകാരം ബാങ്ക്, ബാങ്കർ, ബാങ്കിംഗ് എന്നീ പദങ്ങൾ ഉപയോഗിക്കുവാൻ RBI ലൈസൻസ് ഇല്ലാത്ത സഹകരണ സ്ഥാപനങ്ങൾക്ക് കഴിയുകയില്ല. പബ്ലിക് ഇഷ്യുവിലൂടെയും പ്രൈവറ്റ് പ്ലേസ്മെന്റിലൂടെയും ഇക്യുറ്റി/പ്രിഫറൻസ് ഓഹരി മൂലധനം സ്വരൂപിക്കുന്നതിനുള്ള വ്യവസ്ഥ, ഓഹരി തിരിച്ചു നൽകുന്നത് തടഞ്ഞുകൊണ്ടുള്ള വ്യവസ്ഥ, സഹകരണ ബാങ്കുകളിലെ ഭരണസമിതികളെ പിരിച്ചുവിടാനുള്ള വ്യവസ്ഥ, കൂടാതെ സഹകരണ ബാങ്കുകളുടെ management, audit, winding up എന്നിവയുമായി ബന്ധപ്പെട്ട ചില വ്യവസ്ഥകളും ടി നിയമത്തിലുണ്ട്. സഹകരണ തത്വങ്ങൾക്കനുസൃതമല്ലാത്ത ടി വ്യവസ്ഥകൾ ബാങ്കിംഗ് റെഗുലേഷൻ ആക്ട് ബാധകമായ സഹകരണ സ്ഥാപനങ്ങളുടെ താല്പര്യങ്ങളെ ബാധിക്കുന്നവയാണ്. ടി നിയമത്തിലെ വകുപ്പ് 3 പ്രകാരം, ഒരു പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘവും കാർഷിക വികസനത്തിനായി ദീർഘകാല വായ്പ നൽകുകയെന്നത് പ്രാഥമിക ഉദ്ദേശ്യമായും, മുഖ്യ ബിസിനസുമായുള്ള ഒരു സഹകരണ സംഘവും അവയുടെ പേരിന്റെ ഭാഗമായോ ബിസിനസിന്റെ ഭാഗമായോ ബാങ്ക്, ബാങ്കർ, ബാങ്കിംഗ് എന്നീ പദങ്ങൾ ഉപയോഗിക്കാതിരിക്കുകയും ചെക്കുകളുടെ drawee ആയി പ്രവർത്തിക്കാതിരിക്കുകയുമാണെങ്കിൽ, അവയ്ക്ക് ടി നിയമം ബാധകമായിരിക്കുന്നതല്ലെന്ന് വ്യവസ്ഥ |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. ടി വ്യവസ്ഥ നിലവിൽ പ്രവർത്തിച്ചുവരുന്ന പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, ചില പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ എന്നിവയെ ബാധിക്കുന്നവയാണ്. ടി സ്ഥാപനങ്ങൾ 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാകണമെങ്കിൽ അവയുടെ പേരിന്റെ ഭാഗമായുള്ള 'ബാങ്ക്' എന്ന പദം ഒഴിവാക്കുകയും ഇടപാടുകാർക്ക് ചെക്ക് സംവിധാനം എവിടെയെങ്കിലും നൽകുന്നുണ്ടെങ്കിൽ ആയത് ഒഴിവാക്കുന്നതുൾപ്പടെ, ടി നിയമത്തിലെ വകുപ്പ് 3-ന് വിധേയമായുള്ള നടപടികളും സ്വീകരിക്കേണ്ടതുണ്ട്. |
| (സി) | ഇത് സംബന്ധിച്ച് എന്തെല്ലാം തുടർ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ബാങ്കിംഗ് നിയമ (ഭേദഗതി) 2020 ബിൽ, നിയമമാകുന്നതിന് മുൻപ് ഈ നിയമത്തിലെ, സഹകരണബാങ്കുകളെ ബാധിക്കുന്ന വിഷയങ്ങളിൽ ഭേദഗതി വേണമെന്ന് സംസ്ഥാന നിയമസഭ ഒരു പ്രമേയത്തിലൂടെ ഐക്യകണ്ഠേന ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാനത്ത് നിന്നുള്ള പാർലമെന്റ് അംഗങ്ങൾ മുഖാന്തിരവും പ്രശ്നം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ബിൽ നിയമമായതിനു ശേഷമുള്ള ഭാവി നടപടികൾ ചർച്ച ചെയ്യുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരു സർവ്വകക്ഷി യോഗം വിളിച്ചു ചേർക്കുന്നതിന് തീരുമാനിച്ചിരുന്നെങ്കിലും പൊതു തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച സാഹചര്യത്തിൽ ടി യോഗം വിളിച്ചു ചേർക്കുന്നതിന് കഴിഞ്ഞിരുന്നില്ല. |

സെക്ഷൻ ഓഫീസർ